പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7 **22-06-2026-ൽ മറുപടിയ്ക്ക്**

ജീവനക്കാർക്കുള്ള സേവന വ്യവസ്ഥകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, മറ്റ് സഹായധന വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാർക്ക് പിന്നീട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സംസ്ഥാന സർക്കാർ സർവ്വീസിൽ സമാന തസ്തികയിലോ മറ്റ് തസ്തികകളിലേക്കോ നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ എന്തെല്ലാം സേവനവ്യവസ്ഥകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, മറ്റ് സഹായധന വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാർക്ക് പിന്നീട് കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന സംസ്ഥാന സർക്കാർ സർവീസിൽ സമാന തസ്തികയിലോ മറ്റ് തസ്തികകളിലേക്കോ നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ ഇവരെ ആദ്യ നിയമനം നേടിയവരെന്നു കണക്കാക്കി പ്രൊബേഷൻ കാലം ആരംഭിക്കുന്നതാണ്. പ്രൊബേഷൻ കാലം തൃപ്തികരമായി പൂർത്തീകരിച്ച് ഡിക്ലയർ ചെയ്യുന്ന മുറയ്ക്ക് ആദ്യ ഇൻക്രിമെന്റ് ലഭിക്കുന്നതാണ്. എന്നാൽ എയ്ഡഡ് സ്കൂളിൽ നിന്നും രാജിവച്ച് സർക്കാർ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ രാജിക്കുമുമ്പുള്ള സർവീസ് തുടർച്ചയായതും അംഗീകരിക്കപ്പെട്ടതും ആയിരിക്കുകയും, മുൻ സ്കൂളിലെ സേവനം മതിയാക്കിയ തീയതിക്കും, രണ്ടാമത്തെ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിക്കും ഇടയ്ക്കുള്ള കാലയളവ് ഒരു മാസത്തിൽ കവിയാതിരിക്കയും ചെയ്താൽ പ്രസ്തുത രാജിക്കുമുമ്പുള്ള എയ്ഡഡ് സ്കൂൾ സർവീസ് സമയബന്ധിത ഹയർ ഗ്രേഡുകൾ നൽകുന്നതിന് പരിഗണിക്കാവുന്നതാണ്.

(ബി) ഇത്തരത്തിൽ നിയമനം ലഭിക്കുന്നവർക്ക് നിലവിലെ അടിസ്ഥാന ശമ്പളം/പേ പ്രൊട്ടക്ഷൻ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മറുപടി: ഇത്തരത്തിൽ നിയമനം ലഭിക്കുന്നവർക്ക് ആദ്യ നിയമനം നേടിയവരെന്നു കണക്കാക്കി നിയമനം ലഭിക്കുന്ന തസ്തികയിലെ അടിസ്ഥാന ശമ്പളം ആണ് ലഭിക്കുന്നത്. പേ പ്രൊട്ടക്ഷൻ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലില്ല.

(സി) സമാന തസ്തികയിലേയ്ക്കും വ്യത്യസ്ത തസ്തികയിലേക്കും നിയമനം ലഭിക്കുന്ന സാഹചര്യങ്ങളിൽ ശമ്പള നിർണയം, ഇൻക്രിമെന്റ്, സർവ്വീസ് ആനുകൂല്യങ്ങൾ എന്നിവയിൽ വ്യത്യാസമുണ്ടോ;ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

മറുപടി: ഇത്തരത്തിൽ നിയമനം ലഭിക്കുന്നവരെ ആദ്യ നിയമനം നേടിയവരെന്ന കണക്കാക്കി നിയമനം ലഭിക്കുന്ന തസ്തികയിലെ അടിസ്ഥാന ശമ്പളം ആണ് ലഭിക്കുന്നത്. കൂടാതെ, ഈ തസ്തികയിൽ പ്രൊബേഷൻ കാലം ആരംഭിക്കുന്നതാണ്. പ്രൊബേഷൻ കാലം തൃപ്തികരമായി പൂർത്തീകരിച്ച് ഡിക്ലയർ ചെയ്യുന്ന മുറയ്ക്ക് ആദ്യ ഇൻക്രിമെന്റ് ലഭിക്കുന്നതാണ്. എന്നാൽ എയ്ഡഡ് സ്കൂളിൽ നിന്നും രാജിവച്ച് സർക്കാർ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ രാജിക്കുമുമ്പുള്ള സർവീസ് തുടർച്ചയായതും അംഗീകരിക്കപ്പെട്ടതും ആയിരിക്കുകയും, മുൻ സ്കൂളിലെ സേവനം മതിയാക്കിയ തീയതിക്കും രണ്ടാമത്തെ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിക്കും ഇടയ്ക്കുള്ള കാലയളവ് ഒരു മാസത്തിൽ കവിയാതിരിക്കയും ചെയ്താൽ പ്രസ്തുത രാജിക്ക് മുമ്പുള്ള എയ്ഡഡ് സ്കൂൾ സർവീസ് സമയബന്ധിത ഹയർ ഗ്രേഡുകൾ നൽകുന്നതിന് പരിഗണിക്കാവുന്നതാണ്.

25/03/2006 ലെ GO(P)No.145/2006/ Fin നമ്പർ എട്ടാം ശമ്പള പരിഷ്കരണ ഉത്തരവിലെ "Time bound grade promotion Scheme-Teachers" എന്ന ശീർഷകത്തിന് കീഴിൽ 10(1), 10(2) എന്നീ ഖണ്ഡികകൾ പ്രകാരം LPSA, UPSA, HSA എന്നീ തസ്തികകളിൽ ഗ്രേഡുകൾ ലഭിക്കുന്നതിന് ടി തസ്തികകളിൽ നിർദ്ദിഷ്ട വർഷ സേവന കാലയളവുകൾ വെവ്വേറെ പൂർത്തിയാക്കണമെന്നും, ഗ്രേഡ് സ്കീമിന്റെ പ്രാബല്യ തീയതിയായ 01/03/2006 തീയതിക്ക് ശേഷം ടി തസ്തികകളിലെ സേവനം ഒരുമിച്ച് സമയബന്ധിത ഗ്രേഡിന് പരിഗണിക്കില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) എയ്ഡഡ് സ്ഥാപനങ്ങളിലെ മുൻ സേവനം പെൻഷൻ/ എൻ. പി.എസ്, പ്രൊവിഡന്റ് ഫണ്ട്, ലീവ് അക്കൗണ്ട് , പ്രൊബേഷൻ, സീനിയോറിറ്റി തുടങ്ങിയ സേവന ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

മറുപടി: പെൻഷൻ - സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെട്ട സംസ്ഥാന സർക്കാർ ജീവനക്കാരുടെ എയ്ഡഡ് സ്കൂളിലെ/എയ്ഡഡ് കോളേജുകളിലെ റെഗുലർ ഫുൾ ടൈം സർവീസ് മാത്രമേ പെൻഷന് കണക്കാക്കുകയുള്ളൂ എന്ന് 10/08/2018 ലെ GO (P)128/2018/FIN പ്രകാരം കെ.എസ്.ആർ. ഭാഗം III ചട്ടം 14 E(a), E(b)-ൽ ഭേദഗതി വരുത്തുകയുണ്ടായി. 10/08/2018 മുതൽ എയ്ഡഡ് സ്കൂളിലെ റെഗുലർ ഫുൾ ടൈം സർവീസ് മാത്രമേ സർക്കാർ സർവീസിനൊപ്പം പെൻഷന് കണക്കാക്കുകയുള്ളൂ എന്ന് 28/10/2019 ലെ സർക്കാർ ഉത്തരവ് GO(MS)No. 401/2019/FIN പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

07/05/2013-ലെ സ.ഉ.(പി)നം.209/2013/ ധന, 14/07/2014-ലെ സ.ഉ.(പി)നം. 279/14/ധന ഉത്തരവുകൾ പ്രകാരം 31/03/2013 വരെ കെ.എസ്.ആർ. ഭാഗം III പെൻഷൻ ബാധകമായിട്ടുള്ള സർക്കാരിലോ സർക്കാരിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലോ/സ്വയംഭരണ സ്ഥാപനങ്ങളിലോ regular, substantive vacancy കളിൽ സേവനമനുഷ്ഠിച്ച് വരവേ 01/04/2013-നോ അതിന് ശേഷമോ സർക്കാരിലോ, സർക്കാരിന് കീഴിൽ കെ. എസ്.ആർ. ഭാഗം III പെൻഷൻ ബാധകമായിട്ടുള്ള വിവിധ സ്ഥാപനങ്ങളിലോ മറ്റൊരു തസ്തികയിൽ പുതുതായി നിയമനം ലഭിക്കുമ്പോൾ പുതിയ തസ്തികയിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം ഓപ്ഷൻ സമർപ്പിക്കുന്ന പക്ഷം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തന്നെ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

എൻ.പി.എസ്.- സർക്കുലർ നം.86/2022/ധന തീയതി 14/10/2022 പ്രകാരം എയ്ഡഡ് സ്ഥാപനങ്ങളിൽ സേവനത്തിലിരിക്കെ ഒരു PRAN ലഭ്യമാക്കിയ ജീവനക്കാർ കേരള സർക്കാരിന്റെ കീഴിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ പുതുതായി മറ്റൊരു PRAN കൂടി ലഭ്യമാക്കേണ്ടതില്ല. കൈവശമുള്ള PRAN അക്കൗണ്ട് ട്രഷറി മുഖാന്തരം ഷിഫ്റ്റ് ചെയ്ത് തുടർന്നും ഉപയോഗിക്കാവുന്നതാണ്.

പ്രൊവിഡന്റ് ഫണ്ട് - KER അധ്യായം 30 ചട്ടം 30 നോട്ട്-1 അനുസരിച്ച് സർക്കാർ സർവീസിൽ പ്രവേശിക്കുമ്പോൾ അക്കൗണ്ട്സ് ഓഫീസറുടെ സമ്മതത്തോടുകൂടി ഫണ്ടിൽ ബാക്കി നിൽക്കുന്ന തുക

Government Provident Fund-ലേക്ക് മാറ്റി നിക്ഷേപിക്കുന്നു.

<u>ലീവ് അക്കൗണ്ട്, സീനിയോറിറ്റി</u> - എയ്ഡഡ് സ്ഥാപനങ്ങളിലെ മുൻ സേവനം, സർക്കാർ സർവീസിൽ പ്രവേശിക്കുമ്പോൾ ലീവ് അക്കൗണ്ട്, സീനിയോറിറ്റി എന്നിവയ്ക്ക് പരിഗണിക്കുന്നതായി ചട്ടങ്ങൾ/ ഉത്തരവുകൾ ഒന്നും നിലവിലില്ല.

<u>പ്രൊബേഷൻ, ഇൻക്രിമെന്റ്</u> - ഇത്തരത്തിൽ നിയമനം ലഭിക്കുന്നവരെ ആദ്യ നിയമനം നേടിയവരെന്നു കണക്കാക്കി പ്രൊബേഷൻ കാലം ആരംഭിക്കുന്നതാണ്. പ്രൊബേഷൻ കാലം തൃപ്തികരമായി പൂർത്തീകരിച്ച് ഡിക്ലയർ ചെയ്യുന്ന മുറയ്ക്ക് ആദ്യ ഇൻക്രിമെന്റ് ലഭിക്കുന്നതാണ്.

(ഇ) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള എയ്ഡഡ് പ്രൊവിഡന്റ് ഫണ്ടിൽ നിന്നും (കെ.എ.എസ്.ഇ.പി.എഫ്) സർക്കാർ ജീവനക്കാരുടെ ജനറൽ പ്രൊവിന്റ് ഫണ്ടിലേയ്ക്ക് (ജി.പി.എഫ്) മാറുന്നതിനുള്ള നിലവിലെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും, ഇതിനായി പാലിക്കേണ്ട നിബന്ധനകൾ, ആവശ്യമായ രേഖകൾ, ബന്ധപ്പെട്ട വകുപ്പുതല നടപടികൾ എന്നിവ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

<u>മറുപടി:</u> എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർക്കാർ സർവീസിൽ നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള എയ്ഡഡ് പ്രൊവിഡന്റ് ഫണ്ടിൽ നിന്നും (കെ.എ.എസ്.ഇ.പി.എഫ്) സർക്കാർ ജീവനക്കാരുടെ ജനറൽ പ്രൊവിഡന്റ് ഫണ്ടിലേക്ക് (ജി.പി.എഫ്.) മാറേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ സർക്കുലർ നം. PF(Gen) 1/72537/13/DPI തീയതി 13/05/14, സർക്കുലർ നം. PF(Gen) 1/27575/2012/DPI തീയതി 12/06/2012 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്.

(എഫ്) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ/ സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>മറുപടി:</u> ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ/സർക്കുലറുകളുടെ പകർപ്പ് എന്നിവ ഇതോടൊപ്പം ഉൾടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

BY SPL. MESSENGER

GOVERNMENT OF KERALA
Abstract

Finance Department-Pension- Implementation of National Pension System for State employees-Mobility of employees in Government service/Autonomous Bodies/Aided Institutions-Continuance of Kerala Service Rules, Part III Pension Scheme -Orders issued.

FINANCE (PENSION-A) DEPARTMENT

G.O.(P) No. 209/2013/Fin. Dated, Thiruvananthapuram, 07.05.2013.

Read: 1. G.O. (P) No. 441/2012/Fin dated 08.08.2012.
2. G.O. (P) No. 20/2013/Fin dated 07.01.2013.
3. G.O. (P) No. 149/2013/Fin dated 03.04.2013.

ORDER

As per the G.O read as 2nd paper above, National Pension System (NPS) has been implemented for the State employees who are appointed on or after 01.04.2013. As such, those employees who are appointed on or after 01.04.2013 would come under the ambit of the NPS, even if they had been appointed in another post under the State Government on or before 31.03.2013. In this connection, various representations have been received requesting to retain, those who are appointed upto 31.03.2013 in Government service, aided institutions and institutions where Part III, Kerala Service Rules is applicable, in the Kerala Service Rules, Part III Pension Scheme when they get fresh appointments in other categories.

2. Government have examined the matter in detail and are pleased to order that Government Servants/Autonomous Body Employees/Aided Institution Employees who were appointed in substantive vacancies on regular basis on or before 31.03.2013 and who were in such posts on 31.03.2013 and to whom the KSR, Part III Pension Scheme applies in their respective institutions, would be allowed mobility and for this, they can exercise option for the continuance of KSR, Part III Pension Scheme based on the combined service in accordance with Part III, KSR. For this purpose,

such employees would be allowed to exercise option to be governed by KSR, Part III Pension Scheme, within 3 months of joining their fresh appointment in the form appended to this G.O, to the appointing authority concerned.

By Order of the Governor,

Dr. V.P. Joy
Principal Secretary (Finance)

To

The Director (Services), Department of Personnel and Training, Ministry of Personnel, Public Grievances and Pension , Government of India
The Principal Accountant General (Audit), Kerala, Thiruvananthapuram
The Accountant General (A&E), Kerala, Thiruvananthapuram
All Heads of Department
All Departments and Sections of the Secretariat
The Director of Treasuries, Thiruvananthapuram
The Secretary, Kerala Public Service Commission, Thiruvananthapuram(with CL)
The General Manager, Kerala State Road Transport Corporation, Thiruvananthapuram
The Registrar, High Court of Kerala, Ernakulam
The Registrar, Kerala Administrative Tribunal, Thiruvananthapuram (with CL)
The Registrar, University of Kerala / Kochi / Kozhikode / Mahatma Gandhi/ Kannur (with CL)
The Registrar, Kerala Lok Ayukta, Thiruvananthapuram
The Registrar, Kerala Agricultural University, Vellanikkara
The Registrar, Kerala Veterinary and Animal Sciences University, Wayanad (with CL)
The Registrar, Sree Sankara Sanskrit University, Kalady (with CL)
The Registrar, Kerala University of Health and Allied Sciences, Thrissur (with CL)
The Registrar, Fisheries University, Ernakulam (with CL)
The Secretary, Ombudsman for Local Self Government Institutions, Thiruvananthapuram
The Advocate General, Kerala, Ernakulam (with CL)
The Secretary, Kerala State Electricity Board, Thiruvananthapuram
The Additional Secretary to the Chief Secretary to Government
All Additional Chief Secretaries/ Principal Secretaries/ Secretaries/ Special Secretaries/Additional Secretaries/Joint Secretaries/ Deputy Secretaries/Under Secretaries to Government
The Secretary to Governor, Raj Bhavan, Thiruvnanthapuram
The Private Secretary to the Speaker/Deputy Speaker of the Kerala Legislative Assembly
The Secretary, Kerala State Human Rights Commission, Thiruvananthapuram
The Secretary, Kerala State Women's Commission, Thiruvananthapuram
The Private Secretaries to the Chief Minister and other Ministers
The Private Secretary to the Leader of Opposition

The State Election Commissioner, Kerala, Thiruvananthapuram
The Chief Information Commissioner, Kerala, Thiruvananthapuram (with CL)
The General Administration (S C) Department
The Finance (Budget Wing.A/B) Department
All District Treasury Officers/Sub Treasury Officers
The Director, Information and Public Relations, Thiruvananthapuram
The Nodal Officer, www.finance.kerala.gov.in
Stock File/Office Copy

Forwarded /By Order

Section Officer

GOVERNMENT OF KERALA

Abstract

Pension-National Pension System-Mobility to state employees appointed into the service on or before 31.03.2013 and reappointed in various institutions on or after 01.04.2013-Retained in Kerala Service Rules Part III Pension Scheme-Orders issued-Reg.

FINANCE (PENSION-A) DEPARTMENT

G.O. (P) No. 279/2014/Fin. Dated, Thiruvananthapuram, 14.07.2014

Read: 1. G.O. (P) No. 269/2008/Fin dated 21.06.2008.
2. G.O. (P) No. 209/2012/Fin dated 03.04.2012.
3. G.O. (P) No. 20/2013/Fin dated 07.01.2013.
4. G.O. (P) No. 209/2013/Fin dated 07.05.2013.

ORDER

As per the Government order read as 3rd above, National Pension System (NPS) has been made applicable in the State for all employees appointed in the services of State Government and PSUs on or after 01.04.2013 for whom provisions in Part III of Kerala Service Rules would have been applicable otherwise. Several requests have been received in Government, seeking to retain in Kerala Service Rule Part III Pension Scheme who have prior service in Government/Boards etc and later reappointed on or after 01.04.2013 in various institutions.

2. Government, after examining the matter in detail, are pleased to order that Kerala Service Rules Part III Pension Scheme would be made applicable for the following category of employees subject to the conditions specified therein.

a) Those employees who were appointed before 01.04.2013 in Boards/Corporation etc. which are governed by Kerala Service Rules Part III Pension Scheme and then appointed in Government/Aided institutions on or after 01.04.2013 shall be retained in the Kerala Service Rules Part III Pension Scheme subject to the condition that their prior service shall not be reckoned as qualifying service for pensionary benefits as specified in the Note below

Rule 20, Part III Kerala Service Rules introduced vide G.O read 1st and 2nd above.

b) Those employees who have Government service prior to 01.04.2013 followed by service in Board/Corporation etc. which are governed by Part III Kerala Service Rules and again appointed in Government service/institutions which are governed by Kerala Service Rules Part III pension scheme on or after 01.04.2013 shall be retained in the Kerala Service Rules Part III pension scheme, on condition that their previous service shall not be considered for any service benefits including pension.

c) Those employees who entered into Government Service/Aided Institutions/PSUs/Board/Corporations/Autonomous Bodies etc. which are governed as per Part III Kerala Service Rules, before 01.04.2013 and reappointed on or after 01.04.2013 in PSUs/Boards/Corporations/Autonomous bodies etc. which are governed by Part III Kerala Service Rules shall be retained in Kerala Service Rules Part III Pension Scheme subject to Rules of the respective institutions.

The above employees would be allowed to exercise option to be governed by Kerala Service Rules Part III Pension Scheme within three months of joining the new establishment in the form appended to this Government Order to the appointing authority concerned. Those who are already joined the new establishment shall submit the option form within three months from the date of this order. The appointing authority shall issue orders in this regard after verification of the prior service of the incumbent with respect to the conditions of this order.

By Order of the Governor,

V. SOMASUNDARAN
Additional Chief Secretary (Finance)

കേരള സർക്കാർ

നം.ജെ1/180/2019/പൊവിവ.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം, തീയതി: 31/08/2019

സർക്കുലർ

വിഷയം:- പൊവിവ-രാജിക്കുമുമ്പുള്ള സേവനകാലയളവ് സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്ന് സംബന്ധിച്ച സ്പഷ്ടീകരണം

സൂചന:- 1. സ.ഉ (എം.എസ്) നം. 463/1968/പൊവിവ തീയതി 26-10-1968.
2. സ.ഉ (എം.എസ്) നം.47/1971/പൊവിവ തീയതി 21-04-1971
3. WA.1654/17-ലെ 04-04-2018-ലെ ഹൈക്കോടതി വിധിന്യായം.
4. WA Nos.1361/17, 2301/17, 2632/17 എന്നിവയിൽ 14-06-2018 ലെ ഹൈക്കോടതി വിധിന്യായം.

.....

എയ്ഡഡ് സ്കൂളിൽ നിന്നും രാജിവച്ച് സർക്കാർ സ്കൂളിലേയ്ക്കും സർക്കാർ സ്കൂളിൽ നിന്നും രാജിവച്ച് എയ്ഡഡ് സ്കൂളിലേയ്ക്കും ജോലിയിൽ പ്രവേശിക്കുമ്പോൾ രാജിക്കുമുമ്പുള്ള സർവ്വീസ് അംഗീകൃതവും തുടർച്ചയായുള്ളതും ബ്രേക്ക് ഒരു മാസത്തിൽ കവിയാത്തതുമാണെങ്കിൽ പ്രസ്തുത മുൻ സർവ്വീസ് കണക്കിലെടുത്ത് ഹയർ ഗ്രേഡ് നല്കാൻ സൂചന (1) പ്രകാരം അനുവദിച്ചിരുന്നു. ഒരു എയ്ഡഡ് സ്കൂളിൽ നിന്നും രാജിവെച്ച് മറ്റൊരു എയ്ഡഡ് സ്കൂളിലേയ്ക്ക് ജോലിയിൽ പ്രവേശിക്കുമ്പോൾ രാജിക്കുമുമ്പുള്ള സർവ്വീസ് അംഗീകൃതവും തുടർച്ചയായുള്ളതും ബ്രേക്ക് ഒരു മാസത്തിൽ കവിയാത്തതുമാണെങ്കിൽ പ്രസ്തുത മുൻ സർവ്വീസ് കണക്കിലെടുത്ത് ഹയർ ഗ്രേഡ് നല്കാൻ സൂചന (2) പ്രകാരവും അനുവദിച്ചിരുന്നു. എന്നാൽ, രാജിവച്ച് മറ്റൊരു സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്നത് അവധി ഒഴിവിലേയ്ക്കാണെങ്കിൽ ആയത് കണക്കിലെടുക്കാതെ പിന്നീട് റഗുലർ നിയമനം ലഭിക്കുന്നതു മുതൽ മാത്രം സേവനമാരംഭിച്ചതായി പരിഗണിക്കുന്ന സാഹചര്യം ചില വിദ്യാഭ്യാസ ഓഫീസുകളിൽ നിലവിലുണ്ടെന്ന് ചൂണ്ടിക്കാട്ടി ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്യപ്പെട്ടു. ഇത്തരം കേസുകളിൽ ഒരു ടീച്ചർ രാജിവച്ച് മറ്റൊരു സ്കൂളിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ അത് അവധി ഒഴിവിലേയ്ക്കാണെങ്കിൽ പോലും അന്നുമുതൽ സേവനമാരംഭിച്ചതായി തന്നെ കണക്കിലെടുക്കണമെന്ന വിധിയുണ്ടായി. അതിനെതിരെ ഫയൽ ചെയ്യപ്പെട്ട അപ്പീലുകൾ സൂചന (3), (4) പ്രകാരം ബഹു. ഹൈക്കോടതി നിരസിച്ചു. ഈ പശ്ചാത്തലത്തിൽ രാജിയ്ക്കുമുമ്പുള്ള സേവന കാലയളവ് ഓരോ സേവനാനുകൂല്യങ്ങൾക്കും എപ്രകാരം പരിഗണിക്കണമെന്നതിൽ വിദ്യാഭ്യാസ അധികാരികൾക്ക് വ്യക്തത വരുത്തേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1. ഒരു എയ്ഡഡ് സ്കൂളിൽ നിന്നും മറ്റൊരു എയ്ഡഡ് സ്കൂളിലേയ്ക്കുള്ള മാറ്റം ഗ്രേഡിന് പരിഗണിക്കുന്നത് സംബന്ധിച്ച്:

ഒരു എയ്ഡഡ് സ്കൂളിൽ നിന്ന് രാജിവച്ച് മറ്റൊരു എയ്ഡഡ് സ്കൂളിലേയ്ക്ക് ജോലിയിൽ

Scanned by CamScanner

പ്രവേശിക്കുന്നത് അവധി ഒഴിവിലേയ്ക്കായിരുന്നാലും റഗുലർ ഒഴിവിലേയ്ക്കായിരുന്നാലും രാജിക്കുമുമ്പുള്ള സർവ്വീസ് തുടർച്ചയായതും അംഗീകരിക്കപ്പെട്ടതും ആയിരിക്കുകയും മുൻ സ്കൂളിലെ സേവനം മതിയാക്കിയ തീയതിയും രണ്ടാമത്തെ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയും തമ്മിലുള്ള കാലയളവ് ഒരു മാസത്തിൽ കവിയാതിരിക്കുകയും ചെയ്താൽ രാജിക്കുമുമ്പുള്ള സർവ്വീസ് കൂടി കണക്കിലെടുത്ത് സമയബന്ധിത ഹയർ ഗ്രേഡുകൾ നല്കാവുന്നതാണ്.

II. <u>എയ്ഡഡ് സ്കൂളിൽ നിന്നും സർക്കാർ സ്കൂളിലേയ്ക്കും സർക്കാർ സ്കൂളിൽ നിന്നും എയ്ഡഡ് സ്കൂളിലേയ്ക്കും ഉള്ള മാറ്റം ഗ്രേഡിന് പരിഗണിക്കുന്നത് സംബന്ധിച്ച്:</u>

(എ) എയ്ഡഡ് സ്കൂളിൽ നിന്നും രാജിവച്ച് സർക്കാർ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ രാജിക്കുമുമ്പുള്ള സർവ്വീസ് തുടർച്ചയായതും അംഗീകരിക്കപ്പെട്ടതും ആയിരിക്കുകയും മുൻ സ്കൂളിലെ സേവനം മതിയാക്കിയ തീയതിയും രണ്ടാമത്തെ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയും തമ്മിലുള്ള കാലയളവ് ഒരു മാസത്തിൽ കവിയാതിരി ക്കുകയും ചെയ്താൽ പ്രസ്തുത രാജിക്കുമുമ്പുള്ള എയ്ഡഡ് സ്കൂൾ സർവ്വീസ് സമയബന്ധിത ഹയർ ഗ്രേഡുകൾ നല്കുന്നതിന് പരിഗണിക്കാമെന്ന സൂചന (1) ലെ വ്യവസ്ഥ തുടരുന്നതാണ്.

(ബി) സർക്കാർ സ്കൂളിൽ നിന്നും രാജിവച്ച് എയ്ഡഡ് സ്കൂളിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ രാജിക്കുമുമ്പുള്ള സർവ്വീസ് സ.ഉ (എം.എസ്) നം.62/73/പൊവിവ തീയതി 02-05-1973 ലെ എട്ടാമത്തെ നിബന്ധന പ്രകാരം മൊത്തം അദ്ധ്യാപനകാലം എന്നതിന്റെ പരിധിയിൽ വരുമെന്നതിനാൽ സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നതിന് കണക്കിലെടുക്കാവുന്നതാണ്. എന്നാൽ സർക്കാർ സ്കൂളിലെ പ്രൊവിഷണൽ സർവ്വീസ് എയ്ഡഡ് സ്കൂളിൽ ഗ്രേഡിന് പരിഗണിക്കുന്നതല്ല.

III. <u>ഒരു എയ്ഡഡ് സ്കൂളിൽ റഗുലർ സർവ്വീസിലിരിക്കെ രാജി വച്ച് മറ്റൊരു എയ്ഡഡ് സ്കൂളിൽ ജോലിയിൽ പ്രവേശിച്ച് അംഗീകാരം നേടിയവരുടെ പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ കണക്കാക്കുന്നത് സംബന്ധിച്ച്:</u>

(i) ഒരു എയ്ഡഡ് സ്കൂളിൽ റഗുലർ സർവ്വീസിലിരിക്കെ രാജി വച്ച് വിടുതൽ ചെയ്ത തീയതിയും രണ്ടാമത്തെ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഇടയ്ക്കുള്ള ബ്രേക്ക് സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള joining time [+holidays] കവിയാതെ ജോയിൻ ചെയ്തവർ.

രാജിയ്ക്കുശേഷം ജോലിയിൽ പ്രവേശിച്ച സ്കൂളിലെ നിയമനം ആദ്യനിയമനം (initial appointment) ആയി കണക്കിലെടുത്ത് പുതുതായി പ്രൊബേഷൻ ആരംഭിച്ച് കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 6(A) പ്രകാരം ഡിക്ലയർ ചെയ്യേണ്ടതാണ്. പ്രൊബേഷൻ കാലം തൃപ്തികരമായി പൂർത്തീകരിച്ച് ഡിക്ലയർ ചെയ്യുന്ന മുറയ്ക്ക് ആദ്യ ഇൻക്രിമെന്റ് ലഭിക്കുന്നതാണ്. ഈ വിഭാഗത്തിലുള്ളവരുടെ ശമ്പളം കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 13, 13 എ, 13 ബി എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

(ii) രാജിവച്ച് വിടുതൽ ചെയ്ത് ഖണ്ഡിക III (1) ൽ പറയുന്ന കാലപരിധിയ്ക്കുശേഷം, എന്നാൽ, വിടുതൽ ചെയ്ത തീയതിയ്ക്കുശേഷം ഒരു മാസത്തിനകം രണ്ടാമത്തെ സ്കൂളിൽ ജോലിയിൽ പ്രവേശിച്ചവർ.

രാജിയ്ക്കുശേഷം ജോലിയിൽ പ്രവേശിച്ച സ്കൂളിൽ ഇവരെ ആദ്യനിയമനം (initial appointment) നേടിയവരെന്നു കണക്കാക്കി പ്രൊബേഷൻ കാലം ആരംഭിക്കുന്നതാണ്. പ്രൊബേഷൻ കാലം തൃപ്തികരമായി പൂർത്തീകരിച്ച് ഡിക്ലയർ ചെയ്യുന്ന മുറയ്ക്ക് ആദ്യ ഇൻക്രിമെന്റ് ലഭിക്കുന്നതാണ്.

IV. <u>എയ്ഡഡ് സ്കൂളിൽ നിന്നും സർക്കാർ സ്കൂളിലേയ്ക്കും സർക്കാർ സ്കൂളിൽ നിന്നും എയ്ഡഡ് സ്കൂളിലേയ്ക്കും രാജി വച്ച് ജോലിയിൽ പ്രവേശിക്കുന്നവരുടെ പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ കണക്കാക്കുന്നത് സംബന്ധിച്ച്:</u>

മുകളിൽ II (എ), (ബി) എന്നിവിടങ്ങളിൽ പരാമർശിതങ്ങളായ ആനുകൂല്യങ്ങൾക്കു (ഗ്രേഡിന്) മാത്രമേ അർഹതയുണ്ടാകുകയുള്ളൂ. രാജിവച്ച് ജോലിയിൽ പ്രവേശിച്ച സ്കൂളിൽ ഇവരെ ആദ്യ നിയമനം നേടിയവരെന്നു കണക്കാക്കി പ്രൊബേഷൻ കാലം ആരംഭിക്കുന്നതാണ്. പ്രൊബേഷൻ കാലം

Scanned by CamScanner

തുപ്തികരമായി പൂർത്തീകരിച്ച് ഡിക്ലയർ ചെയ്യുന്ന മുറയ്ക്ക് ആദ്യ ഇൻക്രിമെന്റ് വാങ്ങാവുന്നതാണ്.

ഇനി തീർപ്പാക്കാനിരിക്കുന്ന കേസുകളിൽ മേല്പറഞ്ഞ വ്യവസ്ഥകൾ അനുസരിച്ചുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ഡിവിഷൻ ബഞ്ച് വിധി ഉണ്ടായ 04-04-2018 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. മുമ്പ് തീർപ്പാക്കിയ കേസുകൾ ഈ സർക്കുലറിലെ വ്യവസ്ഥകളനുസരിച്ച് പുന:പരിശോധിക്കുന്നതല്ല.

എ. ഷാജഹാൻ
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർമാർക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് (വെബ് ന്യൂമീഡിയ)/പ്രസ്സ് റിലീസ് വകുപ്പ് (വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ
ധനകാര്യ (എൻ.പി.എസ് സെൽ) വകുപ്പ്

നം.86/2022/ധന

തിയ്യതി, തിരുവനന്തപുരം, 14.10.2022

സർക്കുലർ

വിഷയം:- ദേശീയ പെൻഷൻ പദ്ധതി - ജീവനക്കാർ ഒന്നിലധികം പ്രാൺ അക്കൗണ്ട് ലഭ്യമാക്കുന്നത് വിലക്കുന്നതും ജീവനക്കാരുടെ പ്രാൺ രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തീകരിക്കാത്ത ഡി.ഡി.ഒ-മാർക്കെതിരെ നടപടി സ്വീകരിക്കുന്നതും - സംബന്ധിച്ച്

സൂചന :- 1. 07.01.2013 തിയ്യതിയിലെ സ.ഉ(പി)നം.20/2013/ധന ഉത്തരവ്
2. 23.11.2021 തിയ്യതിയിലെ 111/2021/ധന പരിപത്രം

സംസ്ഥാനത്ത് കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരുന്ന വിഭാഗങ്ങളിൽ 01/04/2013 മുതൽ നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് സർക്കാർ സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. 01.04.2013-നോ അതിനു ശേഷമോ പുതുതായി നിയമിതരാകുന്ന ജീവനക്കാർ സേവനത്തിൽ പ്രവേശിച്ച് 30 ദിവസത്തിനകം ദേശീയ പെൻഷൻ പദ്ധതിയിൽ അംഗത്വം നേടി പ്രാൺ അക്കൗണ്ട് ലഭ്യമാക്കേണ്ടതാണെന്ന നിബന്ധന നിലവിലുള്ളപ്പോഴും, 31.03.2013-ന് ശേഷം നിയമിതരായ നിരവധി ജീവനക്കാർക്ക് സാധൂകരണമില്ലാത്ത വിവിധ കാരണങ്ങൾ നിരത്തി ഡി.ഡി.ഒ-മാർ യഥാസമയം എൻ.പി.എസ് രജിസ്ട്രേഷൻ ലഭ്യമാക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ, ഒരു ജീവനക്കാരന് ഒരു പ്രാൺ അക്കൗണ്ട് മാത്രമേ പാടുള്ളൂ എന്നിരിക്കെ വിവിധ വകുപ്പുകളിലെ ജീവനക്കാർ ഒരേ സമയം ഒന്നിലധികം പ്രാൺ അക്കൗണ്ട് ലഭ്യമാക്കുന്നതും സർക്കാർ ഗൗരവമായി കാണുന്നു.

കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നും കേരള സർക്കാരിന് കീഴിൽ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരും ദേശീയ പെൻഷൻ പദ്ധതി ബാധകമായ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും കേരള സർക്കാരിന് കീഴിൽ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരും കൂടാതെ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് സ്വന്തമായി പ്രാൺ ലഭ്യമാക്കിയ ജീവനക്കാരും ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപ് സ്വന്തമായി പ്രാൺ ലഭ്യമാക്കിയ ജീവനക്കാരും ഒരു പ്രാൺ കൈവശമുള്ളപ്പോൾത്തന്നെ പുതുതായി ഒരു പ്രാൺ അക്കൗണ്ട് കൂടി ലഭ്യമാക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ ഒരു പ്രാൺ ലഭ്യമാക്കിയ ജീവനക്കാർ കേരള സർക്കാരിന് കീഴിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ പുതുതായി മറ്റൊരു പ്രാൺ കൂടി ലഭ്യമാക്കേണ്ടതില്ല. ഇത്തരത്തിൽ മുൻ സർവ്വീസിൽ സേവനത്തിലിരിക്കെ ലഭ്യമാക്കിയ പ്രാൺ അക്കൗണ്ട്/ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപായി സ്വന്തമായി ലഭ്യമാക്കിയ പ്രാൺ അക്കൗണ്ട് ഇതിൽ ഏതാണോ കൈവശമുള്ളത് ആയത് ടഷറി മുഖാന്തരം ഷിഫ്റ്റ് ചെയ്ത് തുടർന്ന് ഉപയോഗിക്കാവുന്നതാണ്. കേരള സർക്കാരിന് കീഴിൽ സേവനത്തിൽ പ്രവേശിക്കുന്ന പ്രാൺ ലഭ്യമാക്കാത്ത ജീവനക്കാർ പ്രാൺ രജിസ്ട്രേഷൻ സൂചന (2) പ്രകാരം Online PRAN Generation Module (OPGM) മുഖേന നടപ്പിലാക്കുന്നതിന് പകരം സ്വന്തമായി പ്രാൺ ലഭ്യമാക്കുന്ന പ്രവണതയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സേവനത്തിൽ പ്രവേശിച്ച ശേഷം ഇത്തരത്തിൽ OPGM മുഖേനയല്ലാതെ ലഭ്യമാക്കുന്ന സ്വകാര്യ പ്രാൺ ധനകാര്യ (എൻ.പി.എസ് സെൽ) വകുപ്പിന്റെ അനുമതിക്ക് വിധേയമായി ടഷറി മുഖേന ഷിഫ്റ്റ് ചെയ്ത ശേഷം മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. സ്വകാര്യ പ്രാൺ ലഭ്യമാക്കിയ ശേഷം OPGM മുഖേന മറ്റൊരു പ്രാൺ കൂടി ലഭ്യമാക്കേണ്ടതില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ, ഒരിക്കൽ പ്രാൺ ലഭ്യമാക്കിയ ജീവനക്കാരൻ/ജീവനക്കാരി മറ്റൊരു പ്രാൺ കൂടി ലഭ്യമാക്കാൻ പാടില്ലെന്നും പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർ ജോലിയിൽ പ്രവേശിച്ച് 30 ദിവസത്തിനകം അവരുടെ പ്രാൺ രജിസ്ട്രേഷൻ ബന്ധപ്പെട്ട ഡി.ഡി.ഒ നിർബന്ധമായി പൂർത്തീകരിക്കേണ്ടതാണെന്നുമുള്ള കർശന നിർദ്ദേശം നൽകുന്നു. ഈ വിഷയത്തിൽ വീഴ്ച വരുത്തുന്ന ഡി.ഡി.ഒ-മാരുടെ പ്രവൃത്തി ഗുരുതരമായ കൃത്യവിലോപമായി കണ്ട് കർശന നടപടി സ്വീകരിക്കുന്നതാണ്.

ഷിബു.എ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

1. ഡയറക്ടർ (സർവ്വീസസ്), ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആന്റ് ട്രെയിനിംഗ്, മിനിസ്ട്രി ഓഫ് പേഴ്സണൽ, പബ്ലിക് ഗ്രിവൻസസ് ആന്റ് പെൻഷൻ, ഗവൺമെന്റ് ഓഫ് ഇന്ത്യ, നോർത്ത് ബ്ലോക്ക്, സെൻട്രൽ സെക്രട്ടേറിയേറ്റ്, ന്യൂഡൽഹി - 110001
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - I), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II), കേരള, തിരുവനന്തപുരം
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്. തിരുവനന്തപുരം
7. ധനകാര്യ (പെൻഷൻ-എ) വകുപ്പ്
8. മുഴുവൻ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും
9. എല്ലാ വകുപ്പ് മേധാവികൾക്കും
10. സ്റ്റേറ്റ് നോഡൽ ഓഫീസർ www.finance.kerala.gov.in
11. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
12. ജനറൽ മാനേജർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
13. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
14. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
15. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
16. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, തിരുവനന്തപുരം
17. ചീഫ് സെക്രട്ടറി, കേരള സർക്കാർ
18. സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
19. ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം
20. സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
21. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
22. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
23. മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
24. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
25. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
26. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
27. സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾക്കും
28. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

നാ.പി.എഫ് ജനറൽ(1)/72537/13/ഡി.പി.ഐ തിരുവനന്തപുരം തീയതി 13/3/14

സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - കേരളാ എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിലെ തുക മറ്റ് ഫണ്ടിലേക്ക് മാറ്റുന്നത് - സംബന്ധിച്ച്.

സൂചന : ഈ ഓഫീസിലെ 12/6/2012 ലെ സർക്കുലർ നാ.പി.എഫ് ജനറൽ(1) 27575/2012/ഡി.പി.ഐ

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കും സർക്കാർ സ്ഥാപനങ്ങളിലോ മറ്റ് ഏജൻസികളുടെ സ്ഥാപനങ്ങളിലോ നിയമനം ലഭിക്കുമ്പോൾ അവരുടെ KASEPF അക്കൗണ്ടിലെ തുക ബന്ധപ്പെട്ട പ്രോവിഡന്റ് ഫണ്ടിലേക്ക് മറ്റുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കാത്തതിനാൽ ധാരാളം പരാതികൾ ഈ ഓഫീസിൽ ലഭ്യമാകുന്നുണ്ട്. ആയതിനാൽ താഴെ ചേർക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ KASEPF തീർപ്പാക്കി തുക മറ്റ് ഫണ്ടിലേക്ക് മാറ്റേണ്ടതാണെന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു.

- എയ്ഡഡ് സ്കൂളുകളിൽ നിന്നും ഗവണ്മെന്റ് സർവ്വീസിലേക്ക് നിയമനം ലഭിച്ച് മാറിപ്പോകുന്ന ജീവനക്കാരുടെ KASEPF അക്കൗണ്ട് GPFലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ ലഭ്യമാകുന്നതനുസരിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർ അത് തീർപ്പാക്കിയ ശേഷം പ്രപ്പോസൽ നേരിട്ട് അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുക്കേണ്ടതും പകർപ്പ് ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.
- എയ്ഡഡ് സ്കൂളുകളിൽ നിന്ന് എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകൾ, എയ്ഡഡ് കോളേജുകൾ, എയ്ഡഡ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ, എന്നീ സ്ഥാപനങ്ങളിലേക്ക് മാറിപ്പോകുന്ന ജീവനക്കാരുടെ പി.എഫ് തീർപ്പാക്കുന്നതിനുള്ള അപേക്ഷ ലഭ്യമായാൽ അവ തീർപ്പാക്കി ജീവനക്കാരുടെ വ്യക്തിഗതകണക്കുകൾ അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുക്കുന്നതിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രഫോർമയിൽ രേഖപ്പെടുത്തി ഓരോ വ്യക്തികൾക്കുമുള്ള നടപടി ഉത്തരവുസഹിതം എല്ലാമാസവും 10 -ാം തീയതിയ്ക്കകം ഈ ഓഫീസിൽ ലഭിക്കത്തക്ക വിധത്തിൽ അയച്ചുതരേണ്ടതാണ്.
- മേൽ സൂചിപ്പിച്ചതിൽ ഉൾപ്പെടാത്ത മറ്റ് ഇതര സ്ഥാപനങ്ങളിലേക്ക് മാറിപ്പോകുന്ന ജീവനക്കാരുടെ തീർപ്പാക്കിയതുക ട്രാൻസ്ഫർ ചെയ്യുന്നതിനുമുൻപ് പ്രസ്തുത സ്ഥാപന മേധാവിയോട് ഏത് വിധത്തിലാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടതെന്ന് അന്വേഷിച്ചശേഷം മാത്രം (ചെല്ലാൻ, ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന) തുക ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. ആയതിന്റെ പകർപ്പ് ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.
- KASEPF വരിക്കാർ സ്ഥാനമാറ്റം/ സ്ഥാനകയറ്റം എന്നിവ ലഭിച്ച് പുതിയ സ്ഥാപനത്തിൽ അക്കൗണ്ട് നമ്പർ കിട്ടി ഒരുവർഷത്തിനകം അക്കൗണ്ട്

തീർപ്പാക്കുന്നതിന് അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് അക്കൗണ്ട് തീർപ്പാക്കുന്നതിന്റെ മുൻമാസം അവസാനം വരെയുള്ള പലിശകണക്കാക്കി നല്കാവുന്നതാണ്. സമയ പരിധിയ്ക്കകം അപേക്ഷ സമർപ്പിക്കാത്തവർക്ക് പുതിയ സ്ഥാപനത്തിൽ പി.എഫ് അംഗത്വം ലഭിച്ച മാസം മുതൽ ഒരുവർഷം പൂർത്തിയാകുന്ന മാസം വരെ പലിശ നൽകാവുന്നതാണ്.

- എയ്ഡഡ് സ്ക്കൂൾ സർവ്വീസിലെ പി.എഫ് അക്കൗണ്ട് തീർപ്പാക്കിയതുക മറ്റ് സ്ഥാപനങ്ങളിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതുമൂലം പലിശയിനത്തിൽ കുറവ് വരുന്നതായി ധാരാളം പരാതികൾ ലഭിക്കുന്നു. ഇങ്ങനെ കാലതാമസം ഉണ്ടാകുന്നത് മൂലം പലിശയിനത്തിലുള്ള തുക കുറയുന്നതായി അപേക്ഷകൻ പരാതിപ്പെട്ടാൽ കൂടുതൽ പലിശ അനുവദിക്കുന്നതിന് സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ്.

വിലാസിനി കേദാരമംഗലത്ത്
അക്കൗണ്ട്സ് ഓഫീസർ(പി.എഫ്)
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്.

To

എല്ലാ അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർമാർക്കും.

Office of the Deputy Director (DA)

Q 7491

Date

നം.പി.എഫ് ജനറൽ (1)27575/2012/ഡി.പി.ഐ

പൊതു വിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. തീയതി: 12/06/2012.

സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-കേരള എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് മറ്റു ഫണ്ടുകളിലേയ്ക്ക് മാറ്റുന്നത് - സംബന്ധിച്ച്

സൂചന:-

****

കേരള എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരും മറ്റു ജീവനക്കാരും സർക്കാർ സ്ഥാപനങ്ങളിലോ മറ്റു ഏജൻസികളുടെ കീഴിലോ നിയമനം ലഭിച്ചു മാറിപ്പോവുമ്പോൾ അവരുടെ പേരിലുള്ള കെ.എ.എസ്.ഇ.പി.എഫ്..അക്കൗണ്ട് തീർപ്പാക്കി ബാലൻസു തുക ബന്ധപ്പെട്ട പ്രോവിഡന്റ് ഫണ്ടിൽ വരവ് വെക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

1. സർക്കാർ സർവ്വീസിലേയ്ക്ക് മാറിപ്പോവുന്ന ജീവനക്കാരുടെ അക്കൗണ്ട് ക്ലോസ് ചെയ്ത് അവസാന ബാലൻസ് തുക ജി.പി.എഫിലേയ്ക്ക് മാറ്റുന്നതിനുള്ള നിർദ്ദേശം (പ്രോപ്പോസൽ) ബന്ധപ്പെട്ട അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർമാർ നേരിട്ട് അക്കൗണ്ടന്റ് ജനറൽക്ക് അയച്ചു കൊടുക്കേണ്ടതാണ്.

2. മറ്റു ഏതെങ്കിലും ഏജൻസികളുടെ കീഴിലുള്ള (ഉദാ.ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി, സ്വകാര്യ കോളേജ്) സ്ഥാപനങ്ങളിലേയ്ക്കാണ് മാറിപ്പോവുന്നതെങ്കിൽ അത്തരം കേസുകളിൽ നിയമപ്രകാരം കണക്കുകൾ തീർപ്പാക്കി അവസാന ബാലൻസ് തുകകൾ ബന്ധപ്പെട്ട പ്രോവിഡന്റ് ഫണ്ടുകളിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രൊപ്പോസൽ ഈ ആഫീസിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഒരു മാസം തീർപ്പാക്കുന്ന കേസുകൾ ഒന്നിച്ച് നിശ്ചിത പ്രൊഫോർമയിലാണ് സമർപ്പിക്കേണ്ടത്. വ്യത്യസ്ത ഫണ്ടുകളിലേയ്ക്കുള്ള മാറ്റത്തിന് പ്രത്യേകം പ്രൊഫോർമ അയയ്ക്കേണ്ടതാണ്.

3. വരിക്കാർ എയ്ഡഡ് സ്കൂളിൽ നിന്ന് രാജിവച്ച് പുതിയ സ്ഥാപനത്തിൽ പി.എഫ്.അംഗത്വം ലഭിച്ച് ഒരു വർഷത്തിനകം കണക്ക് തീർപ്പാക്കാൻ അപേക്ഷ നൽകേണ്ടതാണ്. അത്തരം കേസുകളിൽ ക്ലോസ് ചെയ്യുന്നതിന്റെ മുൻമാസം അവസാനം വരെയുള്ള പലിശ കണക്കാക്കി നൽകാവുന്നതാണ്. നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിക്കാത്ത കേസുകളിൽ പുതിയ സ്ഥാപനത്തിൽ പി.എഫിൽ അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയാകുന്ന മാസം വരെ പലിശ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

Darasadhy. I

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

GOVERNMENT OF KERALA

Abstract

Reckoning of aided school service for pension– Clarification Orders issued.

FINANCE (PENSION - B) DEPARTMENT

G.O(Ms)No.401/2019/Fin Dated,Thiruvananthapuram, 28/10/2019.

Read:-1)G.O (P) No: 47/2018/Fin dated 21.03.2018.
2)G.O(P) No. 128/2018/Fin dated 10.08.2018, SRO-572/18 dated 13.08.2018.
3)Judgement of the Hon'ble High Court dated 14/08/2017 in WP(C)30167/2016 filed by Sri.Sabu Mathew & Others
4)Judgement dated 04/07/2019 in WA 1235 of 2018 and 20 connected cases
5)Letter no.P1/Unit-4/FID 2101787036/0484 dated 23/10/2019 from the AG(A&E), Thiruvananthapuram
6)D.O letter no.311563/Pen-B2/26/2016/FIN dated 15.10.2019.

O R D E R

As per order read 1st above, Government ordered that the broken spells of provisional service/leave vacancy service rendered by regular aided college staff or regular aided school staff/Government employees, prior to their entry in regular service shall not be reckoned as qualifying service w.e.f. 01.06.2016.

As per order read 2nd above amendment has been made in rule 14E of Part III KSR to the effect that only regular full time aided school service rendered after the introduction of Direct Payment System in aided school shall be reckoned for pension. The writ appeal filed by Government restricting the above provision up to 01.06.2016

was dismissed by Hon'ble High Court in a common judgement dated 04/07/2019 in WA 1235 of 2018 and 20 connected cases read above. The AG(A&E) has informed that CC(C)of 2018 in WP(C)30167/2016 has been filed in the High Court by Sri. Sabu Mathew & another alleging non compliance of the judgement dated 14/08/2017. Direction was issued to the Head of Departments concerned that those who retire prior to the issuance of the aforesaid amendment (ie: retired before 01.08.2018) are eligible to reckon the broken/leave vacancy period for pensionary benefits. But certain doubts has been raised regarding reckoning of broken spells of aided school service.

Government after examining the matter are pleased to clarify that "the broken spells of provisional service/leave vacancy service rendered by regular aided school staff/Government employees, in aided schools prior to their entry in regular service shall not be reckoned as qualifying service w.e.f 10.08.2018."

The judgement of the Hon'ble High Court thus stands complied with.

(By Order of the Governor)
SANJEEV KAUSHIK IAS
PRINCIPAL SECRETARY(FINANCE)

To

The Principal Accountant General (A&E), Thiruvananthapuram.
The Principal Accountant General (G&SSA),
Thiruvananthapuram.
The Accountant General (E&RSA), Thiruvananthapuram.
The Advocate General, Kerala, Ernakulam.
The Director of General Education,Jagathy,
Thiruvananthapuram.
The Director of Collegiate Education,Vikas Bhavan, Palayam,
Thiruvananthapuram.
The Senior Finance Officer,Directorate of Higher Education,
Thycaud,Thiruvananthapuram.
The Director of Technical Education, Thiruvananthapuram.

The Deputy Director General,Vocational Higher Secondary Education, Thiruvananthapuram
Liaison Officer, Office of the Advocate General, Kerala, Ernakulam,
The Nodal officer, www.finance.kerala.gov.in
Stock File / Office Copy (Pen-B2/26/2016-Fin (E-311563)).

Forwarded/By Order



Section Officer

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം - മുൻകാല എയ്ഡഡ് സ്കൂൾ സേവനം പരിഗണിച്ചു സർക്കാർ സർവ്വീസിൽ പ്രൊബേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നത് - സ്പഷ്ടീകരണം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ്

സ.ഉ.(കൈ) നം.74/2025/GEDN തീയതി,തിരുവനന്തപുരം, 26-04-2025

പരാമർശം:- 1. 23/03/1983 ലെ 26316/ജെ 1/80/പൊ.വി.വ നമ്പർ സർക്കുലർ
2. 19/01/1988 ലെ 495266/ജെ 1/85/പൊ.വി.വ നമ്പർ സർക്കാർ കത്ത്
3. 10/09/1990 ലെ 41730/ജെ 1/88/പൊ.വി.വ നമ്പർ സർക്കാർ കത്ത്
4. ധനകാര്യവകുപ്പിന്റെ 8.8.2008-ലെ 46/2008/ധന നം. സർക്കുലർ.
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04/04/2024 ലെ ആർ 5/7339/ 2024/ഡി.ജി.ഇ നമ്പർ കത്ത്

ഉത്തരവ്

പൊതു വിദ്യാഭ്യാസ വകുപ്പിൽ അധ്യാപകരുടെ മുൻകാല എയ്ഡഡ് സ്കൂൾ സേവനം പരിഗണിച്ചു സർക്കാർ സർവ്വീസിൽ ഹയർ ഗ്രേഡ് അനുവദിക്കുവാൻ പരാമർശം (3) പ്രകാരം വ്യവസ്ഥയുള്ളതാണ്. എന്നാൽ എയ്ഡഡ് സ്കൂൾ അധ്യാപകർ സർക്കാർ സ്കൂൾ സേവനത്തിൽ പ്രവേശിച്ചാൽ അവർ പ്രൊബേഷനിൽ ആയിരിക്കുമെന്നും തുടർന്ന് മുൻകാല എയ്ഡഡ് സേവനവും സർക്കാർ സേവനവും ചേർത്തു ഗ്രേഡിന് പരിഗണിക്കുന്നത് സർക്കാർ സേവനത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ സാധ്യമാകൂ എന്നും, ഇപ്രകാരം ലഭിക്കുന്ന ഗ്രേഡിന്റെ സാമ്പത്തികാനുകൂല്യം പ്രൊബേഷൻ പൂർത്തീകരിച്ച തീയതി മുതലേ സാധ്യമാകൂ എന്നും പരാമർശം (1), (2) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. മാത്രമല്ല എയ്ഡഡ് സ്കൂൾ സേവനം പരിഗണിച്ചു സർക്കാർ സേവനത്തിൽ ഗ്രേഡ് അനുവദിക്കുന്നതിന് പ്രൊബേഷൻ പൂർത്തീകരിക്കുന്നത് വരെ കാത്തിരിക്കേണ്ടതുണ്ടോ എന്ന സംശയത്തിന് OP(KAT) 30/2017 ലെ 14/06/2022 ലെ വിധിന്യായത്തിലൂടെ ബഹു. ഹൈക്കോടതിയും, TA-5072/2012 ലെ 28/09/2016 ലെ ഉത്തരവിലൂടെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും എയ്ഡഡ് സ്കൂൾ സേവനം പരിഗണിച്ചു സർക്കാർ സേവനത്തിൽ ഗ്രേഡ് അനുവദിക്കുന്നതിന് പ്രൊബേഷൻ പൂർത്തീകരിക്കുന്നത് വരെ കാത്തിരിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കി ടി കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ ചട്ടപ്രകാരം മുൻകാല എയ്ഡഡ് സ്കൂൾ സർവ്വീസ് പരിഗണിച്ച് സർക്കാർ സർവ്വീസിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി പ്രാബല്യത്തിൽ മാത്രമേ

ഹയർഗ്രേഡ് അനുവദിക്കാവൂ എന്ന് പരാമർശം (5) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിൽ അധ്യാപകരുടെ മുൻകാല എയ്ഡഡ് സ്കൂൾ സേവനം പരിഗണിച്ചു സർക്കാർ സർവ്വീസിൽ ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണെന്നും എന്നാൽ സർക്കാർ സേവനത്തിൽ പ്രൊബേഷൻ പൂർത്തിയാക്കുന്ന മുറക്ക് ടി തീയതി മുതൽ മാത്രമേ ഹയർ ഗ്രേഡ് അനുവദിക്കാനാകൂവെന്നും ഇപ്രകാരം ലഭിക്കുന്ന ഗ്രേഡിന്റെ സാമ്പത്തികാനുകൂല്യം പ്രൊബേഷൻ പൂർത്തീകരിച്ച തീയതി മുതൽക്കേ സാധ്യമാകൂ എന്നും സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
അഡിഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (06/02/2024 ലെ 2645525/പി.ആർ.സി എ 3/14/2023-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by N K Sheena
Date: 27-04-2025 16:06:44
സെക്ഷൻ ഓഫീസർ